# തെങ്ങുകയറ്റപരിശീലനത്തിന് ആവേശംപകരാൻ എം.എൽ.എ.യും

**കുടയത്തൂർ:** തെങ്ങുകയറ്റപരിശീലനത്തിൽ ആവേശമായി റോഷി അഗസ്റ്റിൻ എം.എൽ.എ.യും.

നാളികേരവികസനബോർഡിൻെറ ആഭിമുഖ്യത്തിൽ കുടയത്തൂർ ഡവലപ്പ്മെൻറ്സൊസൈറ്റി സംഘടിപ്പിച്ച തെങ്ങിൻെറചങ്ങാതിക്കൂട്ടം പദ്ധതിയുടെ ഭാഗമായ തെങ്ങുകയറ്റപരിശീലന പരിപാടിയിലാണ് നൂറുകണക്കിന് കർഷകർക്ക് ആവേശമായി എം.എൽ.എ. യന്ത്രം ഉപയോഗിച്ച് തെങ്ങിന്മേൽ കയറിയത്. പലപ്രാവശ്യം ചുവടുപിഴച്ചെങ്കിലും കായികതാരംകൂടിയായ റോഷി അഗസ്റ്റിൻെറ നിശ്ചയദാർഢ്യം ഒടുവിൽ വിജയത്തിലെത്തി.

പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 100 വ്യക്തികൾക്കാണ്പരിശീലനം നൽകുന്നത്. ഇതിൻെറ ഉദ്ഘാടനം ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് കെ.കെ. മുരളീധരൻെറ അധ്യക്ഷതയിൽ റോഷി അഗസ്റ്റിൻ എം.എൽ.എ. നിർവഹിച്ചു. ഫാ. മാത്യു വെട്ടുകല്ലേൽ ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. ഡോ. തോംസൺ ജോസഫ്, ഉഷ വിജയൻ, എം.ഡി. ഹരിബാബു, ടി.സി. പരമേശ്വരൻ, ജോസ് അരീപ്പറമ്പിൽ, എം.എസ്. ജേക്കബ്ബ്, എം.വി. മനോജ് തുടങ്ങിയവർ പ്രസംഗിച്ചു.

പരിശീലനത്തോടനുബന്ധിച്ച് വിവിധസെമിനാറുകളും ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.



നാളികേരവികസനബോർഡിൻെറ ആഭിമുഖ്യത്തിൽ കുടയത്തൂർ ഡവലപ്മെൻറ് സൊസൈറ്റി നടത്തിയ തെങ്ങുകയറ്റ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന റോഷി അഗസ്റ്റിൻ എം.എൽ.എ.